# *നാലു ജില്ലകളിലായി അമ്പതോളം കടകളിൽ മോഷണം നടത്തിയ സംഘത്തിലെ രണ്ടു പേർ പിടിയിൽ*




മുക്കം: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് വ്യാപാര സ്ഥാപനങ്ങൾ കുത്തിതുറന്ന് മോഷണം നടത്തുന്ന രണ്ടു പേർ മുക്കം പോലീസിന്റെ പിടിയിലായി. വയനാട് കൽപ്പറ്റ ഓണിവയൽ സ്വദേശിയും ലോറി ഡ്രൈവറുമായ വാക്കയിൽ ഷാക്കിബ് ഹുസൈൻ (23), കൊടുവള്ളി കളരാന്തിരി സ്വദേശി സക്കരിയ (34) എന്നിവരെയാണ് രാത്രി പട്രോളിംഗ് ഡ്യൂട്ടി നടത്തുന്നതിനിടെ മുക്കം ബസ്റ്റാന്റിനു സമീപത്തുള്ള അത്താണി ഷോപ്പിംഗ് കോപ്ലക്സിനടുത്തു നിന്ന് പിടികൂടിയത്. പോലീസ് വാഹനം കണ്ട് ഇരുട്ടത്തു മറഞ്ഞു നിൽക്കാൻ ശ്രമിക്കുന്നതിനിടെ പെരുമാറ്റത്തിൽ സംശയം തോന്നിയ പ്രതികളെ പിടികൂടി സ്റ്റേഷനിൽ എത്തിക്കുകയും ദേഹപരിശോധന നടത്തുന്നതിനിടെ സക്കരിയയുടെ ഷർട്ടിന്റെ പുറകിൽ ഷട്ടറിന്റെ പൂട്ട് പൊളിക്കാൻ ഉപയോഗിക്കുന്ന തരത്തിലുള്ള ഒരു ലിവറും ഷാക്കിബിന്റെ അരയിൽ രണ്ട് ആക്സം ബ്ളയ്ഡും കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രതികളെ വിശദമായി ചോദ്യം ചെയ്തതിൽ നിന്ന് വിവിധ ജില്ലകളിൽ മോഷണം നടത്തിയതിന്റെ ചുരുളഴിയുകയായിരുന്നു. പോലീസ് സംഘത്തിനു മുന്നിൽ കുറ്റസമ്മതം നടത്തിയ പ്രതികൾ മുക്കം അഗസ്ത്യൻമുഴിയിൽ ജൂൺ മാസം 25 ന് രാത്രി നാല് കടകളിൽ മോഷണം നടത്തിയത് തങ്ങളാണെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിൽ സക്കരിയയുടെ രൂപം അന്നേ ദിവസം രാത്രി മോഷണം നടത്തിയ മൊബൈൽ ഷോപ്പിന്റെ സിസിടിവി ക്യാമറയിൽ പതിഞ്ഞിട്ടുള്ളതുമാണ്. മൊബൈൽ ഷോപ്പിൽ നിന്നും കളവ് ചെയ്ത VIVO കമ്പനിയുടെ മൊബൈൽ ഫോൺ കൽപ്പറ്റയിലുള്ള ഒരു മൊബൈൽ കടയിൽ വിൽപ്പന നടത്തിയതായി തെളിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ കോഴിക്കോട് രാമാനാട്ടുകരയിലെ കാലിക്കറ്റ് മാൾ, പരപ്പനങ്ങാടി

അത്താണിക്കലിലെ റഹ്മത്ത് ട്രേഡേഴ്സ്, താമരശ്ശേരി ചുങ്കത്തിനടുത്തുള്ള പലചരക്ക് കട, ടൗണിനടുത്തുള്ള Tools ഷോപ്പ്, പുതിയ സ്റ്റാൻറിനു സമീപമുള്ള സി.ഡി ഷോപ്പ്, പുതുപ്പാടി MR സൂപ്പർ മാർക്കറ്റ്, കൊടുവള്ളിയിലുള്ള വൈറ്റ് മഹൽ, കുന്ദമംഗലത്തുള്ള ഹാർഡ് വെയർ ഷോപ്പ്, തിരുവണ്ണൂരിലുള്ള ഹാർഡ് വെയർ ഷോപ്പ്, ഫറോക്കിലുള്ള ടൈൽസ് ഷോപ്പ്, മീഞ്ചന്ത ബൈപ്പാസ് ജംഗ്ഷനിലുള്ള സൂപ്പർമാർക്കറ്റ്; ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, കുണ്ടോട്ടി മൊറയൂരിലുള്ള ഇലക്ട്രോണിക് ഷോപ്പ്, അലുമിനിയം പാത്രക്കട, മലപ്പുറം കോട്ടക്കലിലുള്ള നാലോളം കടകൾ, നിലമ്പൂരിലുള്ള സ്റ്റേഷനറികട, വയനാട് മീനങ്ങാടിയിലുള്ള മൊബൈൽ ഷോപ്പ്, ത്രിവേണി സൂപ്പർ മാർക്കറ്റ്, സുൽത്താൻ ബത്തേരിയിലെ വെളിച്ചെണ്ണ കട, കേണിച്ചിറയിലെ വിവിധ കടകൾ, തൃശ്ശൂർ തിരുവില്ലാമലയിലെ കോഴിക്കട തുടങ്ങി അമ്പതോളം വ്യാപാര സ്ഥാപനങ്ങളിൽ മോഷണം നടത്തിയതായി സമ്മതിച്ചിട്ടുണ്ട്. പ്രതികൾ രണ്ടു പേരും മുൻപ് എറണാകുളം ജില്ലയിലടക്കം മോഷണം നടത്തിയ കേസിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതാണ്. പ്രതികളിലൊരാളായ സക്കരിയക്ക് മംഗലാപുരത്ത് കളവുകേസ് ഉള്ളതായി അറിവായിട്ടുണ്ട്.

മുക്കം എസ്.ഐ KP അഭിലാഷ്, Addl.SI ഹമീദ്.ET, താമരശ്ശേരി ഡിവൈഎസ്പിയുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ രാജീവ്ബാബു, ഷിബിൽ ജോസഫ്, ഷെഫീഖ് നീലിയാനിക്കൽ, മുക്കം സ്റ്റേഷനിലെ SCPO സലിം മുട്ടത്ത്, ശ്രീജേഷ് V.S, കാസിം മേപ്പള്ളി, ശ്രീകാന്ത് കെട്ടാങ്ങൽ, ASI അഷ്റഫ് എം.ടി, അഭിലാഷ് കോടഞ്ചേരി എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.